മലയാളി അസോസിയേഷൻ ഓഫ് ദി യുകെ MAUK
Malayalee Association of the UK

ബഹുമാന്യരെ,

കടന്നുപോയ മഹാവ്യാധിയുടെ ഫലമായി സാമൂഹിക ജീവിതത്തിൽ വിസ്മരിക്കാൻ കഴിയാത്തതും ഏറെ വേദന നിറഞ്ഞതുമായ ദിനങ്ങൾ കടന്ന് സാധാരണ ജീവിതത്തിലേക്കു നാം തിരിച്ചുവന്നതിന്റെ സന്തോഷം നിങ്ങളുമായി ഏറെ ചാരിതാർത്ഥ്യത്തോടെ പങ്കുവയ്ക്കുകയാണ്.

പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് MAUK യുടെ പ്രവർത്തനങ്ങൾ എല്ലാം തന്നെ സാധാരണ രീതിയിലേക്ക് തിരിച്ചുകൊണ്ടു വരുവാൻ കഴിഞ്ഞതിൽ ഞങ്ങൾ ഏറെ സന്തോഷിക്കുന്നു. കലാ സാംസ്കാരിക പ്രവർത്തനങ്ങൾ മുൻകാലങ്ങളിൽ നിന്നും വിഭിന്നമായും തനതു ഭംഗിയോടുകൂടിയും നിർവഹിക്കുവാൻ ഈ ബോർഡിന് നേതൃത്വം നൽകിക്കൊണ്ട് സാധ്യമായതിൽ അതിയായ സന്തോഷമുണ്ട്.

അതോടൊപ്പം കാരുണ്യത്തിന്റെ കൈത്താങ്ങായി അവശത അനുഭവിക്കുന്ന വിഭാഗത്തിന് വേണ്ടി ഒരു കൈ സഹായം യൂ കെ യിലും കേരളത്തിലും നൽകിക്കൊണ്ടിരിക്കുകയാണ്. മാറിയ ജീവിത സാഹചര്യങ്ങളും കുടിയേറ്റ വ്യവസ്ഥിതിയിൽ വന്ന മാറ്റങ്ങളും നമ്മുടെ പ്രവർത്തനങ്ങളെ കൂടുതൽ ഉത്തരവാദിത്വമുള്ളതാക്കുകയും, സമൂഹത്തിൽ MAUKയുടെ പ്രസക്തി മുൻകാലങ്ങളിൽ നിന്നും വിഭിന്നമായി കൂടുതൽ സ്വീകാര്യമാക്കുവാനും സാധിച്ചിട്ടുണ്ട്. പുതുതലമുറയുടെ ആവിശ്യങ്ങൾക്കു നമ്മാൽ കഴിയുന്ന സഹായം നൽകുകയും, അതോടൊപ്പം നമ്മൾ ഏറ്റെടുത്ത ഉത്തരവാദിത്വങ്ങൾ പൂർത്തീകരിക്കാനും കഴിഞ്ഞിട്ടുണ്ട്. തണൽ ചാരിറ്റിയുടെ കീഴിൽ നടന്നുവന്ന അഞ്ചു ഭവന നിർമാണ പദ്ധതിയിൽ ആലപ്പുഴ, ചെങ്ങന്നൂർ, സീതത്തോട്, കീഴാറ്റൂർ, പുലരി ഭവനങ്ങളുടെ താക്കോൽ മുൻ നിശ്ചയപ്രകാരം ഉപഭോക്താക്കൾക്ക് നല്കാൻ കഴിഞ്ഞതു അംഗങ്ങളുടെ പരിപൂർണ്ണ സഹായസഹകരണങ്ങൾ ഒന്ന് കൊണ്ട് മാത്രമാണ്. സർക്കാരിന്റെയും, ലോക്കൽ കൗൺസിലിന്റെയും സാമൂഹിക നയങ്ങളുടെ ഭാഗമാകാൻ MAUK ക്ക് കഴിഞ്ഞതും വളരെ അഭിമാനത്തോട് കൂടി സ്മരിക്കുന്നു. സെൻസസ്, ഫുഡ് ബാങ്ക്, കമ്മ്യൂണിറ്റി സപ്പോർട്ട് തുടങ്ങിയ പ്രവർത്തനങ്ങൾ വിജയകരമായി മുന്നോട്ട് പോകുന്നുണ്ട്. കൂടാതെ, രാജ്ഞിയുടെ പ്ലാറ്റിനം ജൂബിലി ആഘോഷിക്കാൻ എല്ലാവിധ സഹായങ്ങളും നല്കാൻ ന്യൂഹാം കൗൺസിൽ മുന്നോട്ടുവന്നതും നമുക്ക് അഭിമാനവും സന്തോഷവും നൽകുന്നു. MAUK യുടെ പ്രസ്തുത പ്രവർത്തനങ്ങൾക്ക് താങ്ങും തണലും ആയി നിന്ന് നമ്മെ സഹായിച്ച അംഗങ്ങൾക്കും ബിസിനസ് ഉടമകൾക്കും, സ്പോൺസർമാർക്കും നിസ്വാർത്ഥമായ സേവനം നൽകിയ സുഹൃത്തുക്കൾക്കും ഞങ്ങൾ ഹൃദയത്തിന്റെ ഭാഷയിൽ നന്ദി അറിയിക്കുന്നു. തുടർന്നും നമ്മുടെ സംഘടനയെ സാമൂഹികവും സാംസ്കാരികവും, സാമ്പത്തികവുമായ ഉന്നതിയിലേക്ക് നയിക്കാൻ നമുക്ക് കഴിയട്ടെയെന്ന് ആശിക്കുകയാണ്. ഈ സേവനങ്ങൾക്ക് എന്നോടൊപ്പം പ്രവർത്തിച്ച എല്ലാ ബോർഡംഗങ്ങൾക്കുമുള്ള നന്ദിയും ഈ അവസരത്തിൽ അറിയിക്കുന്നു. "വസുധൈവകുടുംബകം, ലോകമേ തറവാട്".

ഐശ്വര്യപൂർണ്ണമായ ജീവിതം ആശംസിച്ചുകൊണ്ട്,

നന്ദിപൂർവം,

അനിൽകുമാർ ഇടവന
ചെയർപേഴ്സൺ
മലയാളീ അസോസിയേഷൻ ഓഫ് ദി യൂ കെ.